# മഹാത്മാഗാന്ധി സർവ്വകലാശാല

എ.ഡി.ബി IX/3/31/2018/ഭ.വി

തീയതി : 04/05/2018

## സർക്കുലർ

സർവ്വകലാശാലയിലെ ജീവനക്കാർക്കായി,സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നടപ്പിലാക്കിയിട്ടുള്ള ഇ-ബാങ്കിംഗ് പ്രോഡക്ടുകൾ സംബന്ധിച്ച് സർവ്വകലാശാലാ ജീവനക്കാർക്കും, സർവ്വകലാശാലാ കാമ്പസിലുള്ള അക്ഷയ സെന്റർ,ബാങ്കിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്ന മറ്റു ഉപയോക്താക്കൾ - എന്നിവർക്കും ആവശ്യമായ പരിശീലനപരിപാടി നടത്തുവാൻ ബഹു.വൈസ് ചാൻസലർ ഉത്തരവിട്ടിരുന്നു. അതിൻപ്രകാരമുള്ള പരിശീലനപരിപാടി 2018 മെയ് മാസം 15-ാം തീയതി സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സിന്റെ 3-ാം നിലയിലെ ഓഡിറ്റോറിയത്തിൽ(ഹാൾ) നടത്തുന്നതാണ്. പരിശീലനപരിപാടി ജീവനക്കാർക്ക് രാവിലെ 10.30 -മുതൽ ഉച്ചക്ക് 1 -മണി വരെയും മറ്റു ഉപയോക്താക്കൾക്ക് ഉച്ചക്ക് ശേഷം 2 -മണി മുതൽ 4.30 വരെയും ആയിരിക്കും. പ്രസ്തുത പരിശീലനപരിപാടിയിൽ സർവ്വകലാശാലയിലെ ധനകാര്യം,പരീക്ഷ,അക്കാദമിക്,ഭരണ നിർവ്വഹണം-എന്നീ വിഭാഗങ്ങളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ അസിസ്റ്റന്റ്/ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ/സെക്ഷൻ ഓഫീസർ/അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ തലങ്ങളിലുള്ള ജീവനക്കാരിൽനിന്നും 100 പേർക്ക് പങ്കെടുക്കാവുന്നതാണ്. പരിശീലനത്തിനായി തിരഞ്ഞെടുക്കുന്നവരുടെ പേരും വിവരങ്ങളും സർവ്വകലാശാലയിലെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ആയതിനാൽ പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ സർക്കുലറിനോടൊപ്പം നൽകിയിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം പൂരിപ്പിച്ച് 08/05/2018 (ചൊവ്വ) വൈകുന്നേരം 4 മണിക്ക് മുൻപായി എ.ഡി.ബി.IX സെക്ഷനില് സമർപ്പിക്കേണ്ടതാണ്. സമ്മതപത്രത്തിന്റെ മാതൃക മഹാത്മാഗാന്ധി സർവ്വകലാശാല വെബ് സൈറ്റിലും (www.mgu.ac.in), എ.ഡി.ബി IX സെക്ഷനിലും ലഭ്യമാണ്.

ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകളിലും
2. വി.സി,പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/സി.ഇ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
4. ജെ.ആർ(ഭരണവിഭാഗം-1),ഡി.ആർ(ഭരണവിഭാഗം-1)
5. എ.ആർ(ഭരണവിഭാഗം-1), സെക്ഷൻ ഓഫീസർ,എ.ഡി.എ.-1
6. സി.എം.എസ്/ജനറൽ കാഷ്
7. റെക്കോർഡ്സ്
8. എസ്.എഫ്/എഫ്.സി

## ഇ - ബാങ്കിംഗ് പ്രോഡക്ടുകൾ സംബന്ധിച്ച് സർവ്വകലാശാലാ ജീവനക്കാർക്കായി നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുവാനുള്ള സമ്മതപത്രം

പേര് :

തസ്തിക :

സെക്ഷൻ :

വിഭാഗം :

മൊബൈൽ നം :

ഔദ്യോഗിക ഇ - മെയിൽ ഐ.ഡി :

സർവ്വകലാശാല നടത്തുന്ന ടി പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സമ്മതമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഒപ്പ് :

പേര് :

മേലുദ്യോഗസ്ഥന്റെ ഒപ്പ് :

(എസ്.ഒ/എ.ആർ/ഡി.ആർ/ജെ.ആർ) :

സ്ഥലം :

തീയതി :